"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉപഭോക്തൃകാര്യ വകുപ്പ് - പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽ നിന്നും സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലേക്ക് ക്ളർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിൽ താൽക്കാലികമായി ഷിഫ്റ്റ് ചെയ്ത് നിയമിച്ച ജീവനക്കാരുടെ സേവനം ഒരു വർഷത്തേക്ക് കൂടി നീട്ടി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉപഭോക്തൃകാര്യ വകുപ്പ്**

സ.ഉ.(സാധാ) നം.58/2025/CAD തീയതി,തിരുവനന്തപുരം, 10-11-2025

---

പരാമർശം:-
1. ജി.ഒ.(പി) നം. 110/2013/ധന തീയതി 01/03/2013.
2. സ.ഉ.(സാധാ) നം. 3/2025/CAD തീയതി, 01/02/2025.
3. സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷൻ സെക്രട്ടറി & രജിസ്ട്രാറുടെ 10/07/2025 ലെ KSCDRC/31/ 2025-A നം. കത്ത്.

**ഉത്തരവ്**

സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിലേക്കായി രണ്ട് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, രണ്ട് ക്ളർക്ക്, രണ്ട് ഓഫീസ് അറ്റൻഡന്റ് എന്നീ ജീവനക്കാരുടെ സേവനം ആറ് മാസത്തേക്കോ, കേസുകൾ തീർപ്പാക്കുന്നതുവരേയോ (ഏതാണോ ആദ്യം വരുന്നത്) പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽ നിന്നും സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലേക്ക് താൽക്കാലികമായി ഷിഫ്റ്റ് ചെയ്യുന്നതിന് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ 2025 ജനുവരി മാസം വരെ 4892 കേസുകൾ പെൻഡിംഗ് ഉണ്ടായിരുന്നു എന്നും 2025 ഫെബ്രുവരി മാസം മുതൽ 2025 ജൂൺ മാസം വരെ പുതുതായി 375 കേസുകൾ ഫയൽ ചെയ്യുകയും ടി കാലയളവിൽ 639 കേസുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട് എന്നും അവശേഷിക്കുന്ന 4628 കേസ് ഫയലുകൾ തീർപ്പാക്കുന്നതിനായി മേൽ ജീവനക്കാരുടെ സേവന കാലാവധി ഒരു വർഷത്തേക്ക് നീട്ടി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് നിർദേശിച്ചിട്ടുണ്ട് എന്നും ഈ സാഹചര്യത്തിൽ നിലവിൽ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽ നിന്നും സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലേക്ക് താൽക്കാലികമായി ഷിഫ്റ്റ് ചെയ്ത രണ്ട് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, രണ്ട് ക്ളർക്ക്, രണ്ട് ഓഫീസ് അറ്റൻഡന്റ് എന്നീ ജീവനക്കാരുടെ സേവനം ഒരു വർഷത്തേക്ക് കൂടി നീട്ടി

നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ സെക്രട്ടറി & രജിസ്ട്രാർ പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ സെക്രട്ടറി & രജിസ്ട്രാറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽ നിന്നും സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലേക്ക് താൽക്കാലികമായി ഷിഫ്റ്റ് ചെയ്ത രണ്ട് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, രണ്ട് ക്ളർക്ക്, രണ്ട് ഓഫീസ് അറ്റൻഡന്റ് എന്നീ ജീവനക്കാരുടെ സേവനം ഒരു വർഷത്തേക്ക് കൂടി നീട്ടി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശരത് ചന്ദ്രൻ സി എസ്
സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി & രജിസ്ട്രാർ, സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷൻ, തിരുവനന്തപുരം.
പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/കാര്യാലയ പകർപ്പ് (ഫയൽ നം. CAD-CA1/72/2025-CAD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ